(ബി) 75 അപേക്ഷകൾ നിലവിലുണ്ട്.

(സി) അപേക്ഷകരുടെ യോഗ്യതകൾക്ക് വിധേയമായി ഒഴിവുകൾ വരുന്ന മുറയ്ക്കു പൊതുമരാമത്ത് വകുപ്പിലും മറ്റ് വിവിധ വകുപ്പുകളിലും നിയമിക്കുന്നതാണ്.

(ഡി) സർക്കാർ ആവശ്യമായ നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

99 (243) പൊതുമരാമത്ത്-ജലസേചന വകുപ്പുകളിലെ അസി. എൻജിനീയർ നിയമനം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്-ജലസേചന വകുപ്പുകളിലെ അസി. എൻജിനീയർ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്കുലിസ്റ്റിൽ നിന്നുള്ള നിയമനത്തിനായി പൊതുമരാമത്തുവകുപ്പ് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നു പറയുമോ;

(സി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ നിന്നും പ്രമോഷൻ നടന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ഡി) എങ്കിൽ അതുമൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഇ) പൊതുമരാമത്തു വകുപ്പിൽ നിലവിൽ അസി. എൻജിനീയർമാരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ; അവരിൽ ഡിഗ്രിക്കാർ, ഡിപ്ലോമക്കാർ, സർട്ടിഫിക്കറ്റ് കോഴ്സുകാർ എന്നിവർ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഒന്നും റിപ്പോർട്ടു ചെയ്തിട്ടില്ല.

(ബി) ഗ്രാഡ്വേറ്റ് എൻജിനീയർമാരുടെ ഒഴിവുകൾ നിലവിലില്ലാത്തതിനാൽ റിപ്പോർട്ടു ചെയ്തില്ല.

(സി) ഉണ്ട്.

(ഡി) പ്രമോഷനുശേഷവും നിലവിലുള്ള ഗ്രാഡുവേറ്റ് അസിസ്റ്റന്റ് എൻജിനീയറന്മാരുടെ എണ്ണം കൂടുതലായതിനാൽ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ഇ)

കേഡർ സ്ട്രെംഗ്ത്	നിലവിൽ ഉള്ളത്	വ്യത്യാസം
ഡിഗ്രി-536	536	(+)4
ഡിപ്ലോമ-267	170	(-)97
സർട്ടിഫിക്കറ്റ്-69	69	(-)20

LIBRARY ARCHIVES Kerala Legislative Assembly